# പതിമൂന്നാം കേരളനിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: 2097

22.01.2014 -ലെ മറുപടിക്ക്

## ജാനകിക്കാട് പെൺവാണിഭക്കേസിന്റെ അന്വേഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.കെ. വിജയൻ | ശ്രീ. രമേശ് ചെന്നിത്തല<br>(ബഹു: ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കോഴിക്കോട് ജില്ലയിലെ ഇക്കോ ടൂറിസം മേഖലയായ ജാനകിക്കാട് കേന്ദ്രീകരിച്ച് നടന്ന സ്കൂൾ വിദ്യാർത്ഥികളുമായി ബന്ധപ്പെട്ട പെൺവാണിഭക്കേസിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;<br><br>(ബി) നാളിതുവരെ എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്; വിശദാംശം നൽകുമോ; | (എ) & (ബി) കോഴിക്കോട് ജില്ലയിലെ ഇക്കോട്ടൂറിസം മേഖലയായ ജാനകിക്കാട് കേന്ദ്രീകരിച്ച് സ്കൂൾ വിദ്യാർത്ഥിനികളുമായി ബന്ധപ്പെട്ട് നടന്ന സംഭവങ്ങളിൽ പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷനിൽ രണ്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷൻ ക്രൈം 337/13 u/s 366(A), 376, 354, 506 r/w 34 IPC and Sec. 4, 6, 12 and 17 of POCSO Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് എ.ഡി.ജി.പി. ഡോ. സന്ധ്യ ഐ.പി.എസ്.-ന്റെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘം അന്വേഷിച്ചുവരുന്നു. ഈ കേസിൽ ആകെ 10 പ്രതികളുണ്ട്. ഇതിൽ 7 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. അറസ്റ്റ് ചെയ്യാൻ ബാക്കിയുള്ള 3 പ്രതികൾക്കെതിരെ മതിയായ തെളിവുകൾ ലഭിച്ചിട്ടില്ലാത്തതിനാൽ അറസ്റ്റ് ചെയ്തിട്ടില്ല.<br>2. പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 251/13 u/s 174 Cr.PC altered into 305 r/w 34 IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണം പ്രത്യേക അന്വേഷണ സംഘം നടത്തി വരുന്നതാണ്. ഈ കേസിലെ സാക്ഷിയായ പെൺകുട്ടിയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ ഏഴുപേരെ പ്രതി ചേർത്തിട്ടുണ്ട്. ഇതിൽ 4 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. |

| | |
|---|---|
| (സി) പ്രസ്തുത കേസിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം എന്നത്തേക്ക് സമർപ്പിക്കാൻ കഴിയും എന്നറിയിക്കുമോ? | (സി) പ്രസ്തുത കേസുകളുടെ അന്വേഷണം ഉടൻ പൂർത്തിയാക്കി താമസംവിനാ ബന്ധപ്പെട്ട കോടതിയിൽ കുറ്റപത്രം സമർപ്പിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ